9/5/22


# സംസ്ഥാന വിവരാവകാശ കമ്മീഷൻ, കേരളം
പുന്നൻ റോഡ്, തിരുവനന്തപുരം 695 001
Tel: 0471- 2561631, 2561615, Fax: 0471-2330920
Email:- sic.ker@nic.in


**ഹർജി നമ്പർAP.No.386(5)/16/SIC**

**തീർപ്പ്കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**

**File No. 2052/SIC-G7/2016**

ഉത്തരവ്തീയതി : 20.04.2022

സന്നിഹിത

ശ്രീമതി. ശ്രീലത പി.ആർ., സംസ്ഥാന വിവരാവകാശ കമ്മീഷണർ

ശ്രീ. പയ്യനാടൻ അനിൽകുമാർ
പയ്യനാടൻ ഹൗസ്, കാപ്പാട് പി.ഒ,
കണ്ണൂർ – 670 006. } അപ്പീൽ ഹർജിക്കാരൻ

Vs

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
അസിസ്റ്റന്റ് ഡ്രഗ്സ് കൺട്രോളറുടെ കാര്യാലയം,
കണ്ണൂർ – 670 002.

2. അപ്പീൽഅധികാരി,
അസിസ്റ്റന്റ് ഡ്രഗ്സ് കൺട്രോളറുടെ കാര്യാലയം,
കണ്ണൂർ – 670 002.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) അപേക്ഷ തീയതി | 12.11.2015 |
| പബ്ലിക് ഇൻഫർമേഷൻ ഓഫീസറുടെ മറുപടി | 01.12.2015 |
| ഒന്നാം അപ്പീൽ | 17.12.2015 |
| അപ്പീൽ അധികാരിയുടെ തീരുമാനം | 06.02.2016 |
| രണ്ടാം അപ്പീൽ സമർപ്പിച്ച തീയതി | 17.02.2016 |
| ഹിയറിംഗ് തീയതി | 28.10.2021 |
| എതിർകക്ഷി<br>അപ്പീൽ ഹർജിക്കാരൻ | ഹാജരായിരുന്നു<br>ഹാജരായിരുന്നു |

## ഉത്തരവ്

കമ്മീഷന്റെ പരിഗണനയ്ക്ക് വന്ന ഈ അപ്പീൽ ഹർജിയിൽ സമർപ്പിക്കപ്പെട്ട രേഖകളും, എതിർകക്ഷിയും അപ്പീൽ ഹർജിക്കാരനും ഓഡിയോ കോൺഫെറൻസ് മുഖാന്തിരം കമ്മീഷൻ മുമ്പാകെ നൽകിയ മൊഴിയും, വിശദീകരണവും വിശദമായി പരിശോധിച്ച് താഴെ പറയും പ്രകാരം തീർപ്പാക്കുന്നു.

2. വിവരാവകാശ അപേക്ഷയിലൂടെ ഹർജിക്കാരൻ ആവശ്യപ്പെട്ടിരുന്നത്, കണ്ണൂർ അസിസ്റ്റന്റ് ഡ്രഗ്സ്കൺട്രോളറുടെ കാര്യാലയത്തിൽ നിന്നും ടിയാന്റെ സ്ഥാപനത്തിൽ നടന്ന പരിശോധനയിൽ നിയമവിരുദ്ധമായോ അനധികൃതമായോ യാതൊന്നും തന്നെ കണ്ടെത്തിയിട്ടില്ലെന്നും ആയതിനാൽ ടി പരിശോധനയ്ക്ക് ഇടയാക്കിയ വ്യാജ പരാതിയുടെ പകർപ്പ് ലഭ്യമാക്കുക എന്നായിരുന്നു. പ്രസ്തുത അപേക്ഷയ്ക്ക് 01.12.2015.ൽ എസ്.പി.ഐ.ഒ നൽകിയ മറുപടി തൃപ്തികരമല്ലാത്തതിനാൽ 17.12.2016 ൽ അപ്പീൽ സമർപ്പിക്കുകയും ടി അപ്പീലിന്മേൽ 06.02.2016 ൽ അപ്പീൽ തീർപ്പാക്കി ഉത്തരവ് നൽകുകയുംചെയ്തു.

3. അപ്പീൽ ഹർജിക്കാരൻ വിവരാവകാശ അപേക്ഷയിൽ സൂചിപ്പിച്ചിരുന്നത് പ്രകാരം ടിയാന്റെ ഉടമസ്ഥതയിലുള്ള പയ്യനാടൻ ഏജൻസീസ് എന്ന സ്ഥാപനത്തെ കുറിച്ച് 18.09.2015 ന് എഴുതി നൽകിയ ഒരു പരാതി കണ്ണൂർ അസിസ്റ്റന്റ് ഡ്രഗ്സ് കൺട്രോളറുടെ കാര്യാലയത്തിൽ ലഭിച്ചെന്നും ടി പരാതിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത കാര്യാലയത്തിലെ ഡ്രഗ്സ് ഇൻസ്പെക്ടർ (ഐ.ബി) സ്ഥലം പരിശോധിക്കുകയും റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തുവെന്നും അന്വേഷണത്തിൽ പരാതി അടിസ്ഥാനരഹിതമാണെന്ന് കണ്ടെത്തുകയും ചെയ്തു. തുടർന്ന് പ്രസ്തുത പരാതിയുടെ പകർപ്പ് ഹർജിക്കാരൻ ആവശ്യപ്പെട്ടതിന് ആയത് വിവരാവകാശ നിയമത്തിലെ 8(g) വകുപ്പ് പ്രകാരം പരാതിയുടെ പകർപ്പ് അയച്ചുതരുവാൻ നിർവ്വാഹമില്ലെന്ന് അപേക്ഷകനെ അറിയിച്ചുവെന്നും എസ്.പി.ഐ.ഒ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചു.

4. അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ മൊഴി നൽകിയത്, വിവരാവകാശ നിയമപ്രകാരം ആവശ്യപ്പെട്ട വിവരം ലഭ്യമാക്കിയില്ലെന്നും വിവരം ലഭ്യമാക്കാതിരുന്ന എതിർകക്ഷികൾക്കെതിരെ നടപടി സ്വീകരിക്കണമെന്നുമാണ്.

5. അപ്പീൽ ഹർജിയും അനുബന്ധ രേഖകളും എതിർകക്ഷിയുടെ മൊഴിയും കമ്മീഷൻ വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, അപ്പീൽ ഹർജിക്കാരൻ സമർപ്പിച്ച വിവരാവകാശ അപേക്ഷയിൽ ആവശ്യപ്പെട്ട വിവരം

വിവരാവകാശ നിയമത്തിലെ 8(g) വകുപ്പ് പ്രകാരം നൽകുവാൻ നിർവ്വാഹമില്ലെന്ന എസ്.പി.ഐ.ഒ.യുടെ മറുപടി കമ്മീഷന് അംഗീകരിക്കുവാൻ കഴിയുന്നതല്ല. പരാതിയുടെ അടിസ്ഥാനത്തിൽ അന്വേഷണം നടത്തിയിട്ടും പരാതിയിൽ സൂചിപ്പിച്ചിരുന്ന യാതൊന്നും കണ്ടെത്താൻ കഴിയാതെ വ്യാജ പരാതിയാണെന്ന് മനസ്സിലാക്കിയിട്ടും എതിർകക്ഷിയുടെ ഭാഗത്തുനിന്നും യാതൊരു നടപടിയും എടുത്തതായി കമ്മീഷൻ കാണുന്നില്ല. പ്രസ്തുത സാഹചര്യത്തിൽ അപ്പീൽ ഹർജിക്കാരൻ 12.11.2015 ൽ സമർപ്പിച്ച വിവരാവകാശ അപേക്ഷയിൽ ആവശ്യപ്പെട്ട പരാതിയുടെ പകർപ്പ് ഈ ഉത്തരവ്ലഭിച്ച് 10 ദിവസത്തിനകം സൗജന്യമായി ലഭ്യമാക്കേണ്ടതും പ്രസ്തുത വിവരം രേഖാമൂലം കമ്മീഷനെ അറിയിക്കേണ്ടതുമാണ്. ഇപ്രകാരം ഈ അപ്പീൽഹർജി ഇന്നേ ദിവസം 2022 ഏപ്രിൽ മാസം 20 -ാം തീയതി ഉത്തരവാകുന്നു.

(ഒപ്പ്)

**ശ്രീലത. പി. ആർ.**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**കമ്മീഷൻ സെക്രട്ടറി**
Jn

RIGHT TO INFORMATION